

# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ

## ഒക്ടോബർ 2018

**ലക്കം: 10 / 2018**

***എല്ലാ എൻ ആർ ഐ ഇടപാടുകാർക്കും ഞങ്ങളുടെ ആശംസകൾ!!***




### എൻ ആർ ഇ ഡിപ്പോസിറ്റ് പ്ലസ് : പദ്ധതിയുടെ സവിശേഷതകൾ

**യു എസ് ഡോളറിൽ ഫോർവഡ് കോൺട്രാക്റ്റുമായി ബന്ധപ്പിച്ച എഫ് സി എൻ ആർ ഡിപ്പോസിറ്റ്**

| ക്രമ നമ്പർ | വിശദവിവരം | ഫോറിൻ കറൻസി നോൺ റസിഡന്റ് അക്കൗണ്ട് (എഫ്സിഎൻആർ) |
|---|---|---|
| 1 | ആർക്കൊക്കെ അക്കൗണ്ട് തുറക്കാം? | പ്രവാസി ഭാരതീയർ/ഭാരതീയ വംശജരായ വ്യക്തികൾ |
| 2 | ജോയിന്റ് അക്കൗണ്ട് | രണ്ടോ അതിലധികമോ വ്യക്തികളുടെ പേരിൽ (പരമാവധി 4 പേർ) |

| | | |
|---|---|---|
| 3 | അനുവദനീയമായ അക്കൗണ്ട് | കാമധേനു ഡിപ്പോസിറ്റ് മാത്രം. നാമനിർദ്ദേശം അനുവദനീയം. |
| 4 | കാലാവധി | ഏറ്റവും കുറഞ്ഞതും കൂടിയതുമായ കാലാവധി ഒരു വർഷവും ഒരു മാസവും മാത്രം. (യാതൊരു കാരണവശാലും കാലാവധിയിൽ മാറ്റം വരുത്താവുന്നതല്ല.) |
| 5 | നിക്ഷേപത്തുക അടയ്ക്കൽ | എൻ ആർ ഇ ഡിപ്പോസിറ്റായി നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന വിദേശ കറൻസികളിൽ പണമയക്കുക/ഇടപാടുകാരന്റെ നിലവിലുള്ള എൻ ആർ ഇ എസ്ബി അക്കൗണ്ടിൽ രൂപയിലുള്ള ബാലൻസ് യു എസ് ഡോളറായി മാറ്റി അത് നിക്ഷേപിക്കുക . |
| 6 | നാമനിർദ്ദേശം ചെയ്യപ്പെട്ട വിദേശ കറൻസികൾ | യു എസ് ഡോളറിൽ മാത്രം ഫോർവഡ് കോൺട്രാക്റ്റ് ബുക്ക് ചെയ്യേണ്ടതാണ്. [ബാലൻസ് തുക ഒരു വിദേശ കറൻസിയിൽ നിന്ന് മറ്റൊരു വിദേശ കറൻസിയിലേയ്ക്ക് മാറ്റുവാൻ (രൂപ ഉൾപ്പെടുത്താതെ) ക്രോസ് കറൻസി നിരക്കിലും ഫോർവഡ് കോൺട്രാക്റ്റ് ബുക്ക് ചെയ്യാവുന്നതാണ്.] |
| 7 | പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കാൻ ബാധകമായ പൂർവ വ്യവസ്ഥകൾ | ➢ കാലാവധി കഴിയുമ്പോൾ ഇന്ത്യൻ രൂപയിൽ മാത്രമായി നിക്ഷേപത്തുക തന്റെ എൻ ആർ ഇ എസ്ബി/എൻ ആർ ഇ സാവധി നിക്ഷേപം/എൻ ആർ ഒ എസ്ബി അക്കൗണ്ടിൽ നിക്ഷേപമായി സ്വീകരിക്കാൻ നിക്ഷേപകൻ വ്യക്തമായ അധികാരപത്രം നൽകേണ്ടതാണ്.<br>➢ നിക്ഷേപകൻ വിദേശ കറൻസിയിൽ പണം സൂക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല.<br>➢ നിക്ഷേപകന് ഒരു വർഷത്തിനു ശേഷമേ പണം ആവശ്യമായി വരികയുള്ളൂ.<br>➢ കാലാവധി പൂർത്തിയാകും മുമ്പ് ഈ എഫ് സി എൻ ആർ ക്ലോസ് ചെയ്യാൻ നിക്ഷേപകൻ ആഗ്രഹിക്കുന്നുവെങ്കിൽ ഫോർവഡ് കോൺട്രാക്റ്റ് റദ്ദാക്കാനും വിനിമയ നഷ്ടത്തിനു പുറമേ ഇതിനായുള്ള എല്ലാ ചാർജ്ജുകളും വഹിക്കാനും തയാറാണ് എന്ന് നിക്ഷേപകൻ ഉറപ്പു നൽകേണ്ടതാണ്. |
| 8 | അപേക്ഷാഫോറം/അണ്ടർടെയ്ക്കിംഗ് ലെറ്റർ | ഡിപ്പോസിറ്റർ നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. കൂടാതെ താഴെപ്പറയുന്ന അണ്ടർടെയ്ക്കിംഗ് ലെറ്ററുകളും സമർപ്പിക്കേണ്ടതാണ് :<br>1. എൻ ആർ ഇ ഡിപ്പോസിറ്റ് പ്ലസ് പദ്ധതിയിൽ ചേരാനുള്ള അപേക്ഷാഫോറവും അണ്ടർടെയ്ക്കിംഗ് ലെറ്ററും<br>2. ഫോർവഡ് പർച്ചേസ് കോൺട്രാക്റ്റ് ബുക്ക് ചെയ്യാനുള്ള അപേക്ഷാഫോറം |
| 9 | ഫോർവഡ് പർച്ചേസ് കോൺട്രാക്റ്റ് ബുക്ക് ചെയ്യൽ | എൻ ആർ ഇ ഡിപ്പോസിറ്റ പ്ലസ്, ബുക്ക് ചെയ്ത ഫോർവഡ് പർച്ചേസ് കോൺട്രാക്റ്റുമായി ബന്ധിപ്പിക്കേണ്ടതാണ്. |
| 10 | നിക്ഷേപത്തുക തിരികെ വാങ്ങൽ | കാലാവധി അവസാനിക്കുമ്പോൾ തുക ഇന്ത്യൻ രൂപയിൽ മാത്രം തിരികെ നൽകുന്നതായിരിക്കും. |
| 11 | ഡിപ്പോസിറ്റ് രശീതി | ഡിപ്പോസിറ്റ് രശീതിയിന്മേൽ താഴെപ്പറയുന്ന രീതിയിലുള്ള റബ്ബർ സ്റ്റാമ്പ് പതിപ്പിക്കുന്നതായിരിക്കും– **" ഫോർവഡ് കോൺട്രാക്റ്റ് ബുക്ക് ചെയ്തിരിക്കുന്നു. ഫോർവഡ് കോൺട്രാക്റ്റ് റദ്ദാക്കാതെ ഈ ഡിപ്പോസിറ്റ് കാലാവധിയ്ക്കു മുമ്പ് ക്ലോസ് ചെയ്യാവുന്നതല്ല."**<br><br>ഡിപ്പോസിറ്റിന്റെ കാലാവധി മൂല്യം **ചുകന്ന മഷിയിൽ** അടയാളപ്പെടുത്തുന്നതായിരിക്കും. |

| | | |
|---|---|---|
| 12 | കാലാവധി പൂർത്തിയാകുമ്പോൾ പേമെന്റ് | ഏത് എൻ ആർ ഇ ഡിപ്പോസിറ്റ് പ്ലസ് അക്കൗണ്ടുമായി ബന്ധപ്പെട്ടാണോ ഫോർവഡ് കോൺട്രാക്റ്റ് ബുക്ക് ചെയ്തത്, കാലാവധി തികഞ്ഞാൽ ഇന്ത്യൻ രൂപയിൽ അതിന്റെ മൂല്യം ഇടപാടുകാരന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായിരിക്കും.<br><br>**കാലാവധി തികഞ്ഞാൽ, മൊത്തം തുക ഇടപാടുകാരൻ നൽകിയ അധികാരപത്രം അനുസരിച്ച് എൻ ആർ ഇ/എൻ ആർ ഒ എസ്ബി അക്കൗണ്ട് വഴി വിദേശത്തേക്ക് തിരിച്ചുകൊണ്ടുപോകാവുന്നതാണ്.** |
| 13 | കാലാവധി തികയും മുമ്പ് ക്ലോസ് ചെയ്യൽ | ➢ സാധാരണഗതിയിൽ അനുവദനീയമല്ല.<br><br>➢ അസാധാരണ സ്ഥിതിയിൽ :<br><br>കാലാവധി തികയും മുമ്പ് ക്ലോസ് ചെയ്യാനും ഫോർവഡ് കോൺ ട്രാക്റ്റ് റദ്ദ് ചെയ്യാനുമായി ഇടപാടുകാരൻ എഴുതി നൽകേണ്ടതാണ്.<br><br>ഫോർവഡ് കോൺട്രാക്റ്റ്/സ്വാപ് റദ്ദ് ചെയ്യുമ്പോൾ ഉണ്ടാകാനിടയുള്ള വിനിമയ നഷ്ടവും, മറ്റ് ചാർജ്ജുകളും ഇടപാടുകാരന്റെ എൻ ആർ ഇ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നതാണ്. വിനിമയ ലാഭം ഉണ്ടെങ്കിൽ അത് നടപടിക്രമം അനുസരിച്ച് ഇടപാടുകാരന്റെ ഇന്ത്യൻ രൂപയിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. |
| 14 | ഡിപ്പോസിറ്റിന്റെ ഈടിന്മേൽ വായ്പ | ഇടപാടുകാരന്റെ എൻ ആർ ഒ എസ്ബി അക്കൗണ്ടിൽ നിക്ഷേപിക്കുക വഴി അനുവദനീയമായ വായ്പകൾ ഇന്ത്യൻ രൂപയിൽ മാത്രം നൽകാവുന്നതാണ്. |
| 15 | മറ്റ് മാർഗ്ഗരേഖകളും ആനുകൂല്യങ്ങളും | കൂടുതൽ വിവരങ്ങൾക്കായി നിങ്ങളുടെ ഹോം ബ്രാഞ്ചിനെ സമീപിക്കുക. |

## കനറാ ഒ ടി പി

നിങ്ങൾ മൊബൈൽ നെറ്റ്‌വർക്കിന്റെ കവറേജ് ഏരിയയിൽ നിന്ന് പുറത്താണെങ്കിൽ പോലും എസ്‌എംഎസ് വഴിയായുള്ള ഒ ടി പിയ്ക്ക് പകരമായി ഇപ്പോൾ ഈ ആപ്പിൽ നിന്ന് ജനറേറ്റ് ചെയ്യപ്പെടുന്ന ഒ ടി പി ഉപയോഗിച്ച് എല്ലാ ഇന്റർനെറ്റ് ബാങ്കിംഗ് ഇടപാടുകളും നിങ്ങൾക്ക് അധികാരപ്പെടുത്താവുന്നതാണ്. ഇത്, വിശേഷിച്ചും **പ്രവാസി ഭാരതീയർക്കും ഇടയ്ക്കിടെ യാത്ര ചെയ്യുന്നവർക്കും** ഒ ടി പി ജനറേറ്റ് ചെയ്യാനുള്ള സുരക്ഷിതവും സൗകര്യപ്രദവുമായ ഒരു മാർഗ്ഗമാണ്.

**കനറാ ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗിൽ ലോഗ്ഇൻ ചെയ്ത് കനറാ ഒ ടി പിയ്ക്കായി രജിസ്റ്റർ ചെയ്യാനുള്ള ലളിതമായ നടപടിക്രമം :-**

- ✓ നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിംഗിൽ ലോഗ്ഇൻ ചെയ്യുക, ഫണ്ട്‌സ് ട്രാൻസ്ഫർ ടാബിലേക്ക് പോകുക
- ✓ 'ഓഫ് ലൈൻ ഒ ടി പി' സെക്ഷനിൽ ക്ലിക്ക് ചെയ്യുക
- ✓ രജിസ്റ്റർ/ഡി-രജിസ്റ്റർ ഓപ്ഷൻ തിരഞ്ഞെടുക്കുക
- ✓ രജിസ്റ്റർ -> കൺഫേം ൽ ക്ലിക്ക് ചെയ്യുക
- ✓ കനറാ ഒ ടി പി ആപ്പിൽ എന്റർ ചെയ്യാനുള്ള നിങ്ങളുടെ 10 അക്ക ആക്റ്റിവേഷൻ കോഡ് ഇന്റർനെറ്റ് സ്ക്രീനിൽ തെളിയുന്നതാണ്.
- ✓ പ്ലേസ്റ്റോറിൽ നിന്നും കനറാ ഒ ടി പി ആപ്പ് ഡൗൺലോഡ് ചെയ്യുക്, ആപ്പ് തുറക്കുക, ആക്റ്റിവേഷൻ കോഡ് എന്റർ ചെയ്യുക
- ✓ അടുത്ത സ്ക്രീനിൽ ഇന്റർനെറ്റ് ബാങ്കിംഗ് യൂസർ നെയിം, രജിസ്റ്റർ ചെയ്യപ്പെട്ട മൊബൈൽ നമ്പർ എന്റർ ചെയ്യുക, ആപ്പിൽ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ നിങ്ങളുടെ അഞ്ചക്ക പാസ്‌കോഡ് സെറ്റ് ചെയ്യുക
- ✓ ആപ്പ് വിജയകരമായി ആക്റ്റിവേറ്റ് ചെയ്തുകഴിഞ്ഞാൽ നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിംഗ് ഇടപാട് അധികാരപ്പെടുത്താനായി ഒരു ഒ ടി പി ജനറേറ്റ് ചെയ്യുക
- ✓ ഇന്റർനെറ്റ് ബാങ്കിംഗിൽ ഒരു ഇടപാട് ആരംഭിക്കുക. ഇന്റർനെറ്റ് ബാങ്കിംഗിൽ ട്രാൻസാക്ഷൻ ഓഥറൈസേഷൻ സ്ക്രീനിൽ 'വൺ ടൈം കീ' എന്ന് നിങ്ങൾക്ക് കാണാം.
- ✓ നിങ്ങളുടെ പാസ്‌കോഡ് ഉപയോഗിച്ച് നിങ്ങളുടെ കനറാ ഒ ടി പിയിൽ ലോഗ് ഇൻ ചെയ്യുക. ആപ്പിൽ വൺ ടൈം കീ എന്റർ ചെയ്യുക, ജനറേറ്റ് ഒ ടി പിയിൽ ക്ലിക്ക് ചെയ്യുക. ആപ്പ് ഒമ്പത് അക്ക ഒടിപി ജനറേറ്റ് ചെയ്യും. നിങ്ങളുടെ ഇടപാട് അധികാരപ്പെടുത്താനായി ഇന്റർനെറ്റ് ബാങ്കിംഗിൽ മേല്പറഞ്ഞ ഒ ടി പി ഉപയോഗപ്പെടുത്തുക

## കനറാ ഒ ടി പിയുടെ പ്രയോജനങ്ങൾ

- ➢ കനറാ ഒ ടി പി ആപ്പ്, മൊബൈൽ നെറ്റ്‌വർക്ക് ഇല്ലാതെ പ്രവർത്തിക്കുകയും ഓഫ്‌ലൈനായി ഒ ടി പി ജനറേറ്റ് ചെയ്യുകയും ചെയ്യുന്നു.
- ➢ ഓഫ്‌ലൈനായി ഒ ടി പി ജനറേറ്റ് ചെയ്യുന്നത് കാരണം യാത്രക്കിടയിലോ മൊബൈൽ കവറേജ് ഏരിയയുടെ പുറത്തായിരിക്കുമ്പോഴോ നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിംഗ് ഇടപാടുകൾ ചെയ്യാവുന്നതാണ്.
- ➢ ഓഫ്‌ലൈൻ ഒ ടി പി സൗകര്യം രജിസ്റ്റർ ചെയ്യാനും ഡി-രജിസ്റ്റർ ചെയ്യാനും നിങ്ങൾക്ക് എസ്‌എംഎസ് വഴി ഒ ടി പി ലഭിക്കും. എന്നാൽ രജിസ്റ്റർ/ഡി-രജിസ്റ്റർ ചെയ്യാൻ ഇന്റർനെറ്റ് കണക്റ്റിവിറ്റി ആവശ്യമാണ്.
- ➢ നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ പ്രവർത്തന ക്ഷമമാകാനിടയില്ലാത്ത ഒരു സ്ഥലത്തേക്ക് യാത്ര പുറപ്പെടും മുമ്പ് ഈ ആപ്ലിക്കേഷന്റെ ആക്റ്റിവേഷൻ പൂർത്തിയാക്കുക.
- ➢ ഈ ആപ്പ് ഉപയോഗിച്ച് ജനറേറ്റ് ചെയ്യപ്പെട്ട ഒ ടി പി ഉപയോഗിക്കുന്നതിൽ എന്തെങ്കിലും പ്രശ്നമുണ്ടെകിൽ, ഇന്റർനെറ്റ് ബാങ്കിംഗ് സ്ക്രീനിൽ 'സെന്റ് മി ആൻ എസ്‌എംഎസ് ഒ ടി പി' എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് നിങ്ങൾക്ക് എളുപ്പത്തിൽ എസ്‌എംഎസ് ഒ ടി പിയിലേക്ക് മാറാവുന്നതാണ്.
- ➢ ലോഗ്ഇൻ ചെയ്തുകഴിഞ്ഞതിന് ശേഷമുള്ള ഇടപാടുകൾക്ക് മാത്രമേ ഓഫ്‌ലൈൻ ഒ ടി പി സൗകര്യം ലഭ്യമാക്കുകയുള്ളൂ. (ഫൊർഗോട്ട് യൂസർ ഐ ഡി, ഫൊർഗോട്ട് പാസ്‌വേർഡ് തുടങ്ങിയവക്ക് ലഭ്യമല്ല.)
- ➢ നിങ്ങൾ ഈ സൗകര്യത്തിനുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ ആഗ്രഹിക്കുന്നു വെങ്കിൽ, മൊബൈൽ ആപ്പിലെ ലോഗ്ഇൻ/പാസ്‌കോഡ് എന്റ്രി സ്ക്രീനിൽ ലഭ്യമായ ഡി-രജിസ്ട്രേഷൻ ഓപ്ഷനിൽ ക്ലിക്ക് ചെയ്യാവുന്നതാണ്. ഡി-ആക്റ്റിവേഷൻ പൂർണ്ണമാക്കാൻ ഉപകരണം ഓൺലൈൻ ആയിരിക്കണം.
- ➢ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലെങ്കിൽ ഇന്റർനെറ്റ് ബാങ്കിംഗിൽ നിന്ന് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്. ഇന്റർനെറ്റ് ബാങ്കിംഗിൽ ലോഗ്ഇൻ ചെയ്യുക. ''ഫണ്ട്‌സ് ട്രാൻസ്ഫർ ഓഫ്‌ലൈൻ ഒ ടി പി'' എന്ന ഓപ്ഷനിലേക്ക് പോകുക. എസ്‌എംഎസ് ഒ ടി പി ലഭിക്കാനായി ഓഫ്‌ലൈൻ ഒ ടി പി ഡി-രജിസ്റ്റർ ചെയ്യുക. സഹായത്തിനായി sms.support@canarabank.com എന്ന വിലാസത്തിൽ എഴുതുകയോ ടോൾഫ്രീ നമ്പറായ 18004250018 ൽ വിളിക്കുകയോ ചെയ്യുക



**വ്യത്യസ്തങ്ങളായ നിക്ഷേപ സൗകര്യങ്ങൾ / ഇൻഷ്വറൻസ് / മ്യൂച്ചൽഫണ്ട് സ്കീമുകൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകളിൽ ക്ലിക്കു ചെയ്യുക:**

**LIFE INSURANCE:**

http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**HEALTH INSURANCE:**

http://www.canarabank.com/english/health-insurance/

**GENERAL INSURANCE:**

http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**INVESTMENT FACILITIES FOR NRIs:**

http://www.canarabank.com/english/bank-services/nri-banking/investment-facilities/

**MUTUAL FUNDS:**

http://www.canarabank.com/english/bank-services/personal-banking/mutual-funds/

**DEPOSITORY SERVICES:**

http://www.canarabank.com/english/bank-services/personal-banking/depository-services/

**പ്രവാസി ഭാരതിയർക്കായി മാത്രമുള്ള ഭവന വായ്പാ പദ്ധതി**




**വിശദ വിവരങ്ങൾക്കായി കാണുക:**

**http://www.canarabank.com/english/bank-services/nri-banking/loans-advances/home-loan-for-nris-scheme/**

## നെറ്റ് ബാങ്കിംഗ് സമ്പ്രദായം ഉപയോഗിക്കുന്ന ചെറുകിട ഇടപാടുകാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ

ഞങ്ങളുടെ വെബ്സൈറ്റിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്:
www.canarabank.in

നെറ്റ് ബാങ്കിംഗ് ഡെമോയ്ക്കായി, തുടർന്നു വരുന്ന ലിങ്കിൽ ക്ലിക്കു ചെയ്യുക:
https://www.canarabank.in/English/Scripts/IMBTutorial/home.html

നെറ്റ് ബാങ്കിംഗിന്റെ ചെറുകിട ഇടപാടുകാർക്ക് ഉപഭോക്തൃസേവനം കൂടുതൽ ഫല പ്രദമാക്കുന്നതിലേയ്ക്ക്:

1. യൂസർ ക്രിയേഷൻ
2. റീസെറ്റ്
3. അൺലോക്ക്
4. ആക്ടിവേറ്റു ചെയ്യുക
5. ഇടപാടിനുള്ള പാസ്‌വേർഡ് ഉണ്ടാക്കുക

ജനനതീയതിയോ, പാസ്പോർട്ട് വിവരങ്ങളോ രേഖപ്പെടുത്താൻ ദയവായി അക്കൗണ്ട് തുടങ്ങിയ ശാഖയുമായി ബന്ധപ്പെടുക.

ഇന്റർനെറ്റ് ബാങ്കിംഗിനെ കുറിച്ചുള്ള എല്ലാ വിവരത്തിനും, ദയവായി ടോൾഫ്രീ നമ്പരായ **1800-425-0018** അല്ലെങ്കിൽ **080- 25129441** ൽ ബന്ധപ്പെടുക

ഇ-മെയിൽ: **hodbsib@canarabank.com**



**ഇന്റർനെറ്റ് ബാങ്കിംഗ്**

# പാസ് വേർഡ് മറന്നു പോയാൽ ?

- ✓ ലോഗ്-ഇൻ പേജിൽ ' ഫോർഗോട്ട് പാസ് വേർഡ് ' എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.

- ✓ താഴെ കാണിച്ച പ്രകാരം പ്രത്യക്ഷപ്പെടുന്ന സ്ക്രീനിൽ ബന്ധപ്പെട്ട വിവരങ്ങൾ നൽകുക.

**അൺലോക്ക് യൂസർ ഐ ഡി**

| | | |
|---|---|---|
| യൂസർ ഐ ഡി: | | |
| ജനനത്തീയ്യതി : | (DD/MM/YYYY) | |
| പാൻ / പാസ്പോർട്ട് നമ്പർ : | | |
| അക്കൗണ്ട് നമ്പർ : | | ( 13 അക്കങ്ങൾ) |
| പുതിയ പാസ് വേർഡ് : | | |
| പാസ് വേർഡ് ഉറപ്പു വരുത്തുക: | | |

എല്ലാ ഫീൽഡുകളും നിർബന്ധം

- ✓ എല്ലാ വിവരങ്ങളും നൽകിയ ശേഷം 'സബ്മിറ്റ് ' ബട്ടൻ അമർത്തുക .
- ✓ ഒ ടി പി നൽകിയ ശേഷം 'സബ്മിറ്റ് ' ബട്ടൻ അമർത്തുക .

ഇൻസ്റ്റന്റ് റെമിറ്റ് മണി – മദ്ധ്യ-പൗരസ്ത്യ രാജ്യങ്ങളിലെ പാർട്ട്ണർ എക്സ്ചേഞ്ച് കമ്പനികളിൽ നിന്നും ഇന്ത്യയിലെ ഗുണഭോക്താക്കൾക്ക് (കനറാ ബാങ്കിൽ അക്കൗണ്ട് ഉള്ളവർ) യാതൊരു തടസ്സങ്ങളുമില്ലാതെ എത്രയും പെട്ടെന്ന് പണമയക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക വഴി ഇടപാടുകാർക്ക് കൂടുതൽ സംതൃപ്തി നൽകാനായി ഞങ്ങളുടെ ബാങ്ക് ആരംഭിച്ച പുതിയ ഇൻസ്റ്റന്റ് അക്കൗണ്ട് ക്രെഡിറ്റ് സൗകര്യം. നിലവിലുള്ള 'റെമിറ്റ് മണി' സൗകര്യം കൂടാതെ ഗൾഫ് മേഖലയിലെ പ്രവാസികൾക്ക് ഞങ്ങളുടെ ബാങ്കിൽ അക്കൗണ്ട് ഉള്ളവർക്ക് 'ഇൻസ്റ്റന്റ് റെമിറ്റ് മണി' വഴി പണം അയക്കാവുന്നതാണ്. ഇത് തടസ്സങ്ങളില്ലാത്ത വാർത്താവിനിമയ സൗകര്യം വഴി വർഷത്തിൽ 365 ദിവസവും 24 x 7 തൽസമയം പ്രവർത്തിക്കുന്നു.



പ്രവാസികൾക്ക് ഡി.റ്റി.എ.എ. (ഇരട്ടി നികുതി ഒഴിവാക്കൽ കരാർ) ആനുകൂല്യം ലഭിക്കാനായി താഴെ പറയുന്ന രേഖകൾ നികുതി പിടിച്ച സ്ഥാപനത്തിൽ നൽകേണ്ടതാണ്:

1. വിദേശത്ത് താമസിക്കുന്നതായി ടാക്സ് റെസിഡൻസി സർട്ടിഫിക്കറ്റ് (TRC).
2. പ്രവാസി ഇടപാടുകാരന്റെ പാൻ കാർഡിന്റെ കോപ്പി.
3. പ്രവാസി ഇടപാടുകാരന്റെ അപേക്ഷ
4. സ്വയം പൂരിപ്പിച്ച ഫോറം 10എഫ് (താഴെ പറയുന്ന ലിങ്ക് വഴി ലഭിക്കുന്നതാണ്):

http://www.incometaxindia.gov.in/Forms/Income-Tax%20Rules/103120000000007197.pdf



# പ്രവാസികൾക്ക് വേണ്ടിയുള്ള നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്)

**പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (പി.എഫ്.ആർ.ഡി.എ) നിയന്ത്രിക്കുന്നതും, നിർവഹിക്കുന്നതുമായ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ വരിക്കാരാകാൻ പ്രവാസികളെ ഭാരതീയ റിസർവ്വ് ബാങ്ക് അനുവദിച്ചിരിക്കുന്നു.**

സാധാരണ ബാങ്കിംഗ് മാർഗ്ഗത്തിലൂടെ വരിസംഖ്യ നിക്ഷേപിക്കുകയും, മേൽ പറഞ്ഞ വ്യക്തിക്ക് പി.എഫ്.ആർ.ഡി.എ. നിയമ പ്രകാരം നിക്ഷേപിക്കാനും അർഹതയുണ്ടെങ്കിൽ പ്രവാസികൾക്ക് പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (പി.എഫ്.ആർ.ഡി.എ.) നിയന്ത്രിക്കുന്നതും, നിർവഹിക്കുന്നതുമായ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ വരിക്കാരാകാവുന്നതാണ്.

വരിസംഖ്യ പ്രവാസികൾക്ക് ഒന്നുകിൽ സാധാരണ ബാങ്കിംഗ് മാർഗ്ഗത്തിലൂടെ വിദേശത്ത് നിന്നും അയയ്ക്കുകയോ, അല്ലെങ്കിൽ അവരുടെ എൻ.ആർ.ഇ / എഫ്.സി.എൻ.ആർ/ എൻ.ആർ.ഒ അക്കൗണ്ടിലുള്ള നിക്ഷേപത്തിൽ നിന്നോ അടയ്ക്കാവുന്നതാണ്. വാർഷിക പെൻഷൻ / കരുതൽ ശേഖരം വിദേശത്തേക്ക് അയയ്ക്കുന്നതിന് യാതൊരു നിയന്ത്രണവും ഉണ്ടാകുന്നതല്ല.


**Follow us on** Twitter **: @canarabanktweet**

**Subscribe to our** YouTube **: CanaraBankOfficial**



താങ്കളുടെ പണം സുരക്ഷിതമായി താങ്കളുടെ സ്വന്തം ബാങ്കിൽ തന്നെ നിക്ഷേപിക്കാൻ ഉതകുന്ന രീതിയിൽ വളരെ മെച്ചപ്പെട്ട പലിശ നിരക്കുകൾ താഴെ പറയുന്ന പ്രവാസി നിക്ഷേപങ്ങൾ വഴി നല്കുന്നതാണ്.

**എഫ്.സി.എൻ.ആർ. നിക്ഷേപനിരക്കുകൾ (വാർഷിക %)***

(01.10.2018 **മുതൽ**)

| നിക്ഷേപ കാലാവധി | CURRENCY OF DEPOSITS | | | | |
|---|---|---|---|---|---|
| | **USD** | **GBP** | **EUR** | **CAD** | **AUD** |
| 1 വർഷവും അതിനു മുകളിൽ 2 വർഷത്തിന് താഴെ | **3.78** | **1.44** | **0.26** | **2.90** | **2.47** |
| 2 വർഷവും അതിനു മുകളിൽ 3 വർഷത്തിന് താഴെ | **3.98** | **1.65** | **0.40** | **3.03** | **2.55** |
| 3 വർഷവും അതിനു മുകളിൽ 4 വർഷത്തിന് താഴെ | **3.76** | **1.78** | **0.59** | **3.11** | **2.64** |
| 4 വർഷവും അതിനു മുകളിൽ 5 വർഷത്തിന് താഴെ | **3.77** | **1.87** | **0.74** | **3.15** | **2.90** |
| 5 വർഷത്തേക്ക് മാത്രം | **3.80** | **1.94** | **0.89** | **3.18** | **3.00** |

കുറിപ്പ്:മേൽപ്പറഞ്ഞ പലിശ നിരക്കുകൾ ഒരു മില്ല്യൻ യു.എസ്.ഡോളർ താഴെയുള്ള എഫ്.സി.എൻ.ആർ ഡെപ്പോസിറ്റുകൾക്കു (മറ്റു കറൻസികളിൽ തത്തുല്യമായ തുക) മാത്രമേ ബാധകമാകൂ. ഒരു മില്ല്യൻ യു.എസ്.ഡോളർ (മറ്റു കറൻസികളിൽ തത്തുല്യ തുക) മുകളിലുള്ള ഡെപ്പോസിറ്റുകൾക്ക് പലിശ നിരക്കിനായി ഞങ്ങളുടെ ബ്രാഞ്ചുമായി ബന്ധപ്പെടുക.

**എൻ.ആർ.ഇ. (NRE) നിക്ഷേപനിരക്കുകൾ * (25.10.2018 മുതൽ)**

| ***നിക്ഷേപ കാലാവധി*** | ***Rate of Interest (%)*** | |
|---|---|---|
| | ***Less than Rs.1.00 crore*** | ***Rs.1.00 crore to less than Rs.10 Crore #*** |
| 1 വർഷം | **6.80** | **6.50** |
| 1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ | **7.00** | **6.25** |
| 2 വർഷവും അതിന് മുകളിൽ 3 വർഷത്തിൽ താഴെ | **6.70** | **6.25** |
| 3 വർഷവും അതിന് മുകളിൽ 5 വർഷത്തിൽ താഴെ | **6.20** | **4.90** |
| 5 വർഷവും അതിന് മുകളിൽ 8 വർഷത്തിൽ താഴെ | **6.20** | **4.90** |
| 8 വർഷവും അതിന് മുകളിൽ 10 വർഷം വരെ | **6.20** | **4.90** |
| **444 ദിവസം (കാനറാ ശിഖർ) | **7.05** | **-NA-** |
| **555 ദിവസം (കാനറാ ശിഖർ) | **7.10** | **-NA-** |

1 കോടി രൂപക്ക് മുകളിൽ ഉള്ള നിക്ഷേപങ്ങളുടെ പലിശ വിവരം അറിയുവാൻ ബ്രാഞ്ച് മാനേജറെ സമീപിക്കുക.

| **NRE /NRO സേവിങ്സ് ബാങ്ക് നിക്ഷേപനിരക്കുകൾ 01.09.2017 മുതൽ** | |
|---|---|
| 50 ലക്ഷം വരെ ബാലൻസ് | **3.50%** |
| 50 ലക്ഷത്തിന് മുകളിൽ ബാലൻസ് | **4.00%** |

# നോൺ റസിഡന്റ് ഓർഡിനറി (എൻ ആർ ഒ) റുപ്പി
# സ്ഥിര നിക്ഷേപ നിരക്കുകൾ (25.10.2018 മുതൽ പ്രാബല്യത്തിൽ)

| *നിക്ഷേപത്തിന്റെ കാലാവധി* | *1 കോടി രൂപയിൽ കുറഞ്ഞത്* | *1 കോടി മുതൽ 10 കോടിയിൽ കുറഞ്ഞത് #* | |
|---|---|---|---|
| | | **(കാലാവധിക്കു മുമ്പ് പിൻവലിക്കാവുന്നത്)*** | **(കാലാവധിക്കു മുമ്പ് പിൻവലിക്കാനാവാത്തത്)++** |
| 7 ദിവസം മുതൽ 14 ദിവസം വരെ * | 5.75 | 5.30 | -ബാധകമല്ല- |
| 15ദിവസം മുതൽ 30 ദിവസം വരെ | 5.75 | 5.30 | -ബാധകമല്ല- |
| 31 ദിവസം മുതൽ 45 ദിവസം വരെ | 5.75 | 5.30 | -ബാധകമല്ല- |
| 46 ദിവസം മുതൽ 60 ദിവസം വരെ | 6.25 | 6.30 | 6.35 |
| 61 ദിവസം മുതൽ 90 ദിവസം വരെ | 6.25 | 6.75 | 6.80 |
| 91 ദിവസം മുതൽ 120 ദിവസം വരെ | 6.25 | 6.75 | 6.80 |
| 121 ദിവസം മുതൽ 179 ദിവസം വരെ | 6.25 | 6.75 | 6.80 |
| 180 ദിവസം മുതൽ 269 ദിവസം വരെ | 6.35 | 6.75 | 6.80 |
| 270 ദിവസം മുതൽ 1 വർഷം വരെ | 6.40 | 6.35 | 6.40 |
| 1 വർഷം മാത്രം | 6.80 | 6.50 | 6.55 |
| 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 7.00 | 6.25 | 6.30 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 6.70 | 6.25 | 6.30 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 6.20 | 4.90 | 4.95 |
| 5 വർഷവും അതിനു മുകളിലും എന്നാൽ 8 വർഷത്തിൽ താഴെ | 6.20 | 4.90 | ക്വോട്ട് ഇല്ല@ |
| 8 വർഷവും അതിനു മുകളിലും എന്നാൽ 10 വർഷത്തിൽ താഴെ | 6.20 | 4.90 | ക്വോട്ട് ഇല്ല @ |
| 444 ദിവസം (കനറാ ശിഖർ) | 7.05 | -ബാധകമല്ല- | -ബാധകമല്ല- |
| 555 ദിവസം (കനറാ ശിഖർ) | 7.10 | -ബാധകമല്ല- | -ബാധകമല്ല- |

# 1 കോടി രൂപയോ അതിനു മുകളിലുള്ളതോ ആയ ഒറ്റ വലിയ നിക്ഷേപങ്ങൾക്കുള്ള പലിശയുടെ വിവരങ്ങൾക്കായി ബ്രാഞ്ച് മാനേജരെ സമീപിക്കുക.

* നിരക്കുകൾ 5 ലക്ഷമോ അതിനു മുകളിലുള്ളതോ ആയ ഒറ്റ നിക്ഷേപങ്ങൾക്കു മാത്രം ബാധകം.

++ <u>കാലാവധിക്കു മുമ്പ് പിൻവലിക്കാൻ അനുമതിയില്ലാത്ത</u> ഒറ്റ വലിയ നിക്ഷേപങ്ങൾ

@ ബാങ്ക്,കാലാവധിക്ക് മുമ്പ് പിൻവലിക്കാനാവാത്ത 5 വർഷമോ അതിനു മുകളിലുള്ള കാലാവധിയോടു കൂടിയ വലിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നില്ല.

* ഇവിടെ കൊടുത്തിരിക്കുന്ന നിരക്കുകൾ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. ഏറ്റവും പുതിയ നിരക്കുകൾക്കായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക. (ലിങ്ക്): http://www.canarabank.com/english/quick-access/interest-rates/deposit-accounts-rates-at-a-quick-glance-as-per-rbi-format/

**കനറാ ബാങ്ക് സ്വയം ഈ–മെയിൽ വഴിയായി യാതൊരു വിവരവും ആവശ്യപ്പെടുന്നതല്ല. അപ്രതീക്ഷിതമായ ഇടങ്ങളിൽ നിന്നും വരുന്ന ഈ–മെയിൽ വഴി പ്രത്യക്ഷപ്പെടുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ ദുരുദ്ദേശപരമായ കോഡുകൾ കണ്ടേക്കാം, അല്ലെങ്കിൽ അവ സാമ്പത്തിക വിവരങ്ങൾ ചോർത്തിയെടുക്കാനുള്ള ശ്രമമായേക്കാം. ബാങ്ക്, ഈ–മെയിൽ/ഫോൺ/മറ്റ് മാദ്ധ്യമങ്ങൾ വഴി നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ ഉറപ്പിക്കാൻ ഒരിക്കലും ആവശ്യപ്പെടുകയില്ല. അപ്രകാരമുള്ള സംഭവങ്ങൾ ഉടനടി reportphishing@canarabank.com;cbgimb@canarabank.com എന്ന വിലാസത്തിൽ റിപ്പോർട്ട് ചെയ്യുക.**

താങ്കളുടെ ബാങ്കിംഗ് അനുഭവങ്ങൾ ലളിതവും ഹൃദ്യവുമാക്കാനായി കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ അടുത്ത ന്യൂസ് ബുള്ളറ്റിൻ പ്രതീക്ഷിക്കുക. താങ്കളുടെ അമൂല്യമായ പ്രതികരണങ്ങളും നിർദ്ദേശങ്ങളും എല്ലായ്പോഴും സ്വാഗതം ചെയ്യുന്നു.

(ഈ–മെയിൽ : nrihub@canarabank.com; nrihelpdesk@canarabank.com)

ബന്ധപ്പെടാനുള്ള നമ്പർ – 080 22538565/18004250018

സമാഹരണം: സെന്റ്രലൈസ്ഡ് എൻ ആർ ഐ ഹബ്ബ്, മാർക്കെറ്റിംഗ് & റീട്ടെയിൽ റിസോഴ്സസ് വിംഗ്, ഹെഡ് ഓഫീസ്, ബാംഗ്ലൂർ

**ബാദ്ധ്യതാ നിരാകരണം** : ഈ ബുള്ളറ്റിന്റെ ഉള്ളടക്കം വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കിയവയാണ്. ഈ വിവരങ്ങൾ സമാഹരിക്കുമ്പോൾ അവ കൃത്യവും യഥാർത്ഥവുമാണെന്ന് ഉറപ്പു വരുത്താൻ പൂർണ്ണമായും ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ ന്യൂസ് ബുള്ളറ്റിനിൽ കൊടുത്ത നിയമങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ചോ ഇതിലെ പിഴവുകളോ വീഴ്ചകളോ സംബന്ധിച്ചോ കനറാ ബാങ്കിന് ഉത്തരവാദിത്വമില്ല.